"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗോശ്രീ ദ്വീപ് വികസന അതോറിറ്റി (ജിഡ)-മുളവുകാട് റോഡ് വികസനം- മൂന്നാം ഘട്ട നിർമ്മാണം- തദ്ദേശ സ്വയംഭരണ (എഞ്ചിനീയറിംഗ്) വിഭാഗം മുഖേന നടപ്പിലാക്കുന്നത്- ജിഡ സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.854/2023/LSGD തീയതി,തിരുവനന്തപുരം, 11-04-2023

---

പരാമർശം:- ജിഡ സെക്രട്ടറിയുടെ 09.02.2021, 11.11.2022, 28.02.2023 തീയതികളിലെ ജിഡ/241/2020 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

മുളവുകാട് റോഡ് വികസനം- മൂന്നാം ഘട്ട നിർമ്മാണത്തിന് മെ.കിറ്റ്കോ സമർപ്പിച്ച Rs. 3,67,78,327.68/- രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തുകയ്ക്കുള്ള ഭരണാനുമതിയും ധന വിനിയോഗാനുമതിയും ലഭ്യമാക്കണമെന്നും പ്രസ്തുത പ്രവൃത്തി മെ.കിറ്റ്കോയെ ഏൽപ്പിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്നും, പ്രസ്തുത പ്രവർത്തിയ്ക്കാവശ്യമായ സാങ്കേതികാനുമതി, മറ്റനുമതികൾ എന്നിവ ലഭ്യമാക്കണമെന്നും പരാമർശ പ്രകാരം ജിഡ സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മെ. കിറ്റ്കോ ടി പ്രവർത്തിയ്ക്കായി സമർപ്പിച്ച എസ്റ്റിമേറ്റ് റേറ്റുകൾ പ്രകാരം ശുപാർശ അംഗീകരിക്കുവാനാകില്ല എന്ന് വിലയിരുത്തുകയുമുണ്ടായി. അതിനാൽ, മുളവുകാട് റോഡ് വികസനം- മൂന്നാം ഘട്ട നിർമ്മാണ പ്രവർത്തി തദ്ദേശ സ്വയംഭരണ (എഞ്ചിനീയറിംഗ്) വിഭാഗം മുഖേന നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിയ്ക്കുന്നതിന് ഗോശ്രീ ദ്വീപ് വികസന അതോറിറ്റി സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by

Vijitha M B

സെക്ഷൻ ഓഫീസർ

Date: 11-04-2023 15:41:37

സെക്രട്ടറി, ഗോശ്രീ ദ്വീപ് വികസന അതോറിറ്റി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ/ ജി.എസ്.എസ്.എ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി (LSGD-IA3/22/2021-LSGD )